LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾ എഴുതിത്തള്ളുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചത് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ (എം എസ്.) 298/14/ആ.ക.വ. നമ്പർ പ്രകാരമാണ്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) അതിനാൽ തുടർ നടപടികളെപ്പറ്റി കൃഷി വകുപ്പിൽ വിശദാംശങ്ങൾ ലഭ്യമല്ല.

കാർഷിക മേഖലയിലെ യന്ത്രവൽക്കരണം

185 (3391) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്തേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കാർഷികമേഖലയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ സാമ്പത്തികവർഷത്തിൽ ഇതിനായി ഓരോ ജില്ലയിലും എത്ര തുക ചെലവഴിച്ചെന്നും എത്ര തുക നീക്കിയിരിപ്പുണ്ടെന്നും അറിയിക്കുമോ;

(ഡി) പുതുതായി കാർഷിക രംഗത്തേക്ക് കടന്നുവരുന്ന യുവാക്കൾക്ക് നല്കുന്ന ധനസഹായപദ്ധതികൾ ഏതെല്ലാമെന്നും ഇതിൽ നിന്ന് ഈ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) 2015-16 സാമ്പത്തികവർഷത്തിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കാർഷികരംഗത്തേക്ക് കടന്നുവരുന്ന യുവാക്കൾക്ക് അവർക്ക് കൃഷി ചെയ്യാനുദ്ദേശിക്കുന്ന വിളയുടെ അടിസ്ഥാനത്തിലും കാർഷിക യന്ത്രവൽക്കരണം, ഹൈടെക് കൃഷി രീതികൾ എന്നിവ അനുവർത്തിക്കുന്നതിനുള്ള താൽപ്പര്യം എന്നിവ മുൻനിർത്തിയും വിവിധ കാർഷിക വികസന പദ്ധതികൾ മുഖേന ധനസഹായം നൽകി വരുന്നു. ഇവയുടെ പേരും ഈ സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.